കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് – ഇ.എം.എസ് ഭവന പദ്ധതിയ്ക്കായി സഹകരണ ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പയുടെ പലിശ – തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലകൾക്ക് നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ(സാധാ)നം: 373/13/തസ്വഭവ          തിരുവനന്തപുരം, തീയതി: 12/02/2013.**

---

**പരാമർശം:– 1. 7/11/09–ലെ സ.ഉ (എം.എസ്) 207/09/തസ്വഭവ.**

**2. 31.01.2009–ലെ സ.ഉ(എം.എസ്)നം.15/2009/തസ്വഭവ**

**3. 07.12.2011–ലെ സ.ഉ(എം.എസ്)നം.306/2011/തസ്വഭവ.**

**4. 20/03/12–ലെ സ.ഉ (ആർ.റ്റി)നം.819/2012/തസ്വഭവ.**

**5. ഗ്രാമവികസന കമ്മീഷണറുടെ 04/07/12–ലെ 23688/ജെ.ആർ.വൈ1/12/ ഗ്രാ.വി.ക നമ്പർ കത്ത്.**

## <u>ഉത്തരവ്</u>

**സംസ്ഥാനത്തെ ദരിദ്രരായ എല്ലാവർക്കും വാസയോഗ്യമായ വീട് ലഭ്യമാക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ സർക്കാർ ഇ.എം.എസ് ഭവന പദ്ധതി ആവിഷ്ക്കരിക്കുകയും പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.**

**2) പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം ഇ.എം.എസ്. ഭവന പദ്ധതിയ്ക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബാങ്കുകളിൽ നിന്നും ലഭ്യമാകുന്ന വായ്പയുടെ പലിശ പൂർണ്ണമായും സർക്കാർ തന്നെ വഹിക്കുന്നതാണെന്നു ഉത്തരവായിരുന്നു.**

**3) വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇ.എം.എസ്. ഭവന പദ്ധതിയ്ക്കായി എടുത്ത വായ്പയുടെ പലിശയിനത്തിൽ വിവിധ സഹകരണ ബാങ്കുകൾക്ക് ലഭ്യമാക്കേണ്ട തുക സംബന്ധിച്ച കണക്കുകൾ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ ഗ്രാമവികസന കമ്മീഷണർക്ക് നൽകുന്നതിനും അതനുസരിച്ച് ബഡ്ജറ്റ് അലോക്കേഷനിൽ നിന്നും മാറി ബാങ്കുകൾക്ക് അനുവദിച്ച് നൽകുന്നതിനും സൂചന (4) പ്രകാരം ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു.**

**4) എന്നാൽ 2011–12 വർഷത്തിൽ ബഡ്ജറ്റ് അലോക്കേഷൻ തുക അപര്യാപ്തമായതിനാൽ ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയിൻ കീഴിൽ സർക്കാർ വഹിക്കേണ്ട പലിശയായ 52,35,70,738/– (അമ്പത്തി രണ്ട് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി എഴുപതിനായിരത്തി എഴുനൂറ്റി മുപ്പത്തിയെട്ട്) രൂപയുടെ സ്ഥാനത്ത് 44,76,30,203/- (നാൽപ്പത്തി നാല് കോടി എഴുപത്തിയാറ് ലക്ഷത്തി മുപ്പതിനായിരത്തി ഇരുനൂറ്റി മൂന്ന്) രൂപ മാത്രമേ വിവിധ ബാങ്കുകൾക്ക് മാറ്റി നൽകാൻ ഗ്രാവികസന കമ്മീഷണർക്ക് സാധിച്ചിട്ടുള്ളു.**

(. . . .2)

5) തൃശ്ശൂർ, കണ്ണൂർ ജില്ലകൾക്ക് പൂർണ്ണമായും കാസർഗോഡ് ജില്ലയ്ക്ക് ഭാഗികമായും പലിശ ഇനത്തിലെ തുക നൽകാനുണ്ട്. ആയതിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ കണക്കനുസരിച്ച് 31.12.2011 വരെ കണക്കാക്കിയ പലിശ (രൂപ) | സൂചന (5)ലെ ഉത്തരവ് പ്രകാരം നൽകിയ തുക (രൂപ) | ഇനി നൽകേണ്ട തുക (രൂപ) |
|---|---|---|---|---|
| 1 | തൃശ്ശൂർ | 16351745 | -- | 16351745 |
| 2 | കണ്ണൂർ | 36210662 | -- | 36210662 |
| 3 | കാസർഗോഡ് | 24512595 | 11,34,467 | 23378128 |
| ആകെ | | | | 7,59,40,535 |

മേൽ വിവരിച്ച പ്രകാരം ബാക്കി നൽകുവാനുള്ളതായ 7,59,40,535/- (ഏഴു കോടി അൻപത്തി ഒൻപതു ലക്ഷത്തി നാൽപതിനായിരത്തി അഞ്ഞൂറ്റി മുപ്പത്തി അഞ്ച്) രൂപ ഈ വർഷത്തെ ബഡ്ജറ്റ് അലോക്കേഷനിൽ നിന്നും മാറി നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (5) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഇ.എം.എസ്. ഭവന പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എടുത്ത വായ്പയുടെ പലിശ സഹായമായി നടപ്പു വർഷം "2216-80-800-89-ഇ.എം.എസ് ഭവന പദ്ധതി സഹകരണ ബാങ്കുകളിൽ നിന്നും മറ്റു വാണിജ്യ ബാങ്കുകളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൽ എടുത്ത വായ്പയുടെ പലിശയിനത്തിലുള്ള സഹായം (NP-V)" 40 കോടി രൂപ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ നിന്നും തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ പഞ്ചായത്തുകൾ നൽകുവാനുള്ള (31.12.2012 വരെ) 7,59,40,535/- (ഏഴു കോടി അമ്പൊത്തൊൻപത് ലക്ഷത്തി നാൽപ്പത്തിനായിരത്തി അഞ്ഞൂറ്റി മുപ്പത്തഞ്ച്) രൂപ ഖണ്ഡിക 5 - ൽ വിവരിച്ചിരിക്കുന്ന പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
വി.എസ്. സെന്തിൽ
ഗവ. പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
സെക്രട്ടറി, സഹകരണ വകുപ്പ്.
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.

(. . . . .3)

ജില്ലാകളക്ടർ, തൃശ്ശൂർ/കണ്ണൂർ/കാസർഗോഡ്

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ &ഇ/എൽ ബി എ &എ) കേരള, തിരുവനന്തപുരം.

ധനകാര്യ (ഡെവ. വിംഗ്) വകുപ്പ് (29.11.2012-ലെ 96011 / ഡെവ.2 / 12 / ധന വകുപ്പ് അനൗ. ഫയൽ പ്രകാരം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ / കണ്ണൂർ/ കാസർഗോഡ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ.

പകർപ്പ്- പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

നഗരകാര്യ -ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ഗ്രാമവികസന - ആസൂത്രണ സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്.

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്